# വൃത്തിയുടെ പാഠങ്ങൾ

എം. എൻ. കാരശ്ശേരി



വൃത്തിയുടെ പാഠങ്ങൾ

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Dhobi-washerman, a painting by Paper Jewels. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# വൃത്തിയുടെ പാഠങ്ങൾ

ഈ സംഭവം നടന്നത് കുറച്ചുമുമ്പാണ്: ഞാൻ പ്രീഡിഗ്രിക്ക് പഠിക്കുന്ന കാലം. ആയിടെ കുടിയിരുന്ന ഒരു വീട്ടിന്റെ ഉമ്മറക്കോലായിൽ വീട്ടുകാരനോടൊപ്പം ഞാൻ ഇരിക്കുന്നു. വീട്ടുകാരൻ പഠിപ്പും പത്രാസും ഉള്ള ആളാണ്. പണക്കാരൻ. അക്കാലത്തെ വലിയ പരിഷ്കാരമായ മൊസൈക്ക് ആണ് കോലായിലും മുറിയിലുമൊക്കെ.

ഞങ്ങൾ വർത്തമാനം പറഞ്ഞിരിക്കുന്നതിനിടയിൽ നാട്ടുകാരനായ ഒരു ചെറുപ്പക്കാരൻ കോലായിലേക്ക് കയറി. വീട്ടുകാരുമായി അടുപ്പമുള്ള അയാൾ അകത്തേക്ക് പോവുകയാണ്. കോലായ കഴിഞ്ഞ് അകത്തേക്കുള്ള വാതിലിനടുത്ത് എത്താറായപ്പോഴാണ് ആ 'അക്രമം' വീട്ടുകാരന്റെ കാഴ്ചയിൽ പെട്ടത്. ചെറുപ്പക്കാരൻ ചെരിപ്പഴിക്കാതെയാണ് കോലായിൽ കയറിയത്!

വീട്ടുകാരൻ ഒച്ചവെച്ചു. ചെറുപ്പക്കാരൻ ഒന്ന് ഞെട്ടി. എന്താണ് കാര്യം എന്ന് കക്ഷിക്ക് ആദ്യം തിരിഞ്ഞില്ല. ചെരിപ്പൂരി പുറത്തു വെക്കാനുള്ള കൽപന കേട്ട് ആ തല താഴ്ന്നു; മുഖം വിളറി.

അയാൾ ചെരിപ്പൂരിവെച്ച് അകത്തേക്ക് പോയപ്പോൾ വീട്ടുകാരൻ പാതി അവനവനോടായും പാതി എന്നോടായും പറഞ്ഞു:

'വൃത്തികെട്ടവൻ!'

സ്തബ്ധനായി ഇരുന്നുപോയ ഞാൻ ആലോചിച്ചു നോക്കി—ആരാണ് വൃത്തികെട്ടവൻ? വീട്ടുകാരനോ ചെറുപ്പക്കാരനോ?

ആ മൊസൈക്ക് തറയുടെ മിനുപ്പും വെടിപ്പും പ്രധാനമായിരിക്കാം. എങ്കിലും അതിനേക്കാൾ അന്തസ്സില്ലേ, ആ ചെറുപ്പക്കാരന്? ആ തറയിലെ വൃത്തികേട് ഒരുപാനി വെള്ളം ഒഴിച്ചാൽ തീരും. ആ ചെറുപ്പക്കാരൻ അനുഭവിച്ച മാനക്കേട് എങ്ങനെ തീരാനാണ്? വീട്ടിൽ കയറിവരുന്നവനെ അപമാനിക്കുന്നതുപോലൊരു വൃത്തികേടുണ്ടോ?

എനിക്കൊരു വീട്ടമ്മയെ അറിയാം. വീട് വൃത്തികേടാക്കുന്നു എന്നു പറഞ്ഞ് അവർ മിക്ക സമയത്തും ഭർത്താവിനോടും മക്കളോടും കയർക്കും. ആ വീട്ടിനകത്തെ സൗഹാർദ്ദക്കുറവിന് ഒരു കാരണം ഈ 'വൃത്തിപ്രഭാഷണം' ആണ്. കുടുംബത്തിന്റെ സ്വാസ്ഥ്യമാണോ, തറയുടെ വെടിപ്പാണോ പ്രധാനം എന്ന് ആ വീട്ടമ്മ ഒരിക്കലും ആലോചിക്കുന്നില്ല. വെടിപ്പുള്ള നിലത്തിനോ മയമുള്ള വർത്തമാനത്തിനോ ഏതിനാണ് വൃത്തി? വീട് വൃത്തിയാകാൻ വേണ്ടത് ഏതാണ്? ആ നിലത്തേക്കാൾ വൃത്തികെട്ടതല്ലേ, അവരുടെ വർത്തമാനം?

വെടിപ്പും വൃത്തിയും ആവശ്യമല്ലേ?

ആവശ്യം തന്നെ. ആ പറച്ചിലിൽ സാധാരണയായി നിങ്ങൾ ഉദ്ദേശിക്കുന്ന ബാഹ്യവൃത്തി വേണ്ടതുതന്നെ എന്നു ഞാൻ പറയും. അതിനേക്കാൾ പ്രധാനമാണ് ആന്തരവൃത്തി എന്നുകൂടി എനിക്ക് പറയേണ്ടതുണ്ട്.

വൃത്തിയെ ബാഹ്യമെന്നും ആന്തരമെന്നും വകതിരിക്കുന്നതെങ്ങനെ?

ഉദാഹരണത്തിലൂടെ വിശദമാക്കാം:


ഒരു വീടിന് വെടിപ്പായ മൊസൈക്ക് തറയുണ്ട്; അതിഥിയോട് നന്നായി പെരുമാറാനറിയില്ല എങ്കിൽ അവിടെ ബാഹ്യവൃത്തിയേയുള്ളൂ, ആന്തരവൃത്തിയില്ല.

പല്ലുതേച്ചും നാവുവടിച്ചും വെടിപ്പാക്കിയ വായകൊണ്ട് നുണ പറയുന്നു എങ്കിൽ അവിടെ ബാഹ്യവൃത്തിയേയുള്ളൂ, ആന്തരവൃത്തിയില്ല.

കുളിക്കാൻ വൈമുഖ്യമുള്ള ഒരാൾ അന്യരെ സഹായിക്കുന്നതിൽ ശ്രദ്ധാലുവാണെങ്കിൽ അയാൾക്ക് ആന്തരവൃത്തിയേയുള്ളൂ, ബാഹ്യവൃത്തിയില്ല.

വേഷം പപ്രച്ഛയായി നടക്കുന്ന ഒരാൾ ഒരു സാഹചര്യത്തിലും വാക്ക് മാറ്റിപ്പറയില്ല എന്നാണെങ്കിൽ അയാൾക്ക് ആന്തരവൃത്തിയേയുള്ളൂ, ബാഹ്യവൃത്തിയില്ല.

ബാഹ്യവൃത്തി രൂപത്തിന്റേതാണ്; ആന്തരവൃത്തി ഭാവത്തിന്റേതും.



സുരാസു

മലയാളികൾ 'വൃത്തികെട്ടവൻ' എന്ന് സാധാരണയായി ആക്ഷേപിക്കുന്നത് ഇപ്പറഞ്ഞ ആന്തരവൃത്തിയില്ലാത്തവനെയാണ്. 'നാറി' എന്ന് ചീത്തപ്പേര് കേൾക്കുന്നതും അയാൾ തന്നെ—'നുണ നാവിനെ നാറ്റും' എന്ന് സുരാസു.

ബാഹ്യവൃത്തി മാത്രമുള്ള ആളുകളെ ആക്ഷേപിക്കുന്ന പ്രയോഗങ്ങൾ നമ്മുടെ ഭാഷയിൽ പലതുണ്ട്—'പുറംമോടി', 'വേഷം', 'വേഷം കെട്ട്', 'അഴകിയ രാവണൻ', മറ്റും മറ്റും.

മൂല്യനിഷ്ഠമായ സ്വഭാവത്തിൽനിന്ന് ഉരുവം കൊള്ളുന്ന വ്യക്തിത്വത്തിന്റെ പ്രകാശനമാണ് ആന്തരവൃത്തി. കാലികമായ പരിഷ്കാരത്തിൽനിന്ന് ഉരുവം കൊള്ളുന്ന രൂപത്തിന്റെ വെടിപ്പാണ് ബാഹ്യവൃത്തി.

ആന്തരവൃത്തിയെപ്പറ്റിയുള്ള ധാരണകൾ സാമാന്യമായി എല്ലാക്കാലത്തും എല്ലാ ദേശത്തും സമാനമായിരിക്കും. ബാഹ്യവൃത്തിയെപ്പറ്റിയുള്ള സങ്കൽപ്പങ്ങളാവട്ടെ, കാലത്തിനും ദേശത്തിനും സംസ്കാരത്തിനും അനുസരിച്ച് മാറിമറിയാം.

ഒരു മാതൃക നോക്കൂ:

പശുവിന്റെ ചാണകം മിക്ക സംസ്കാരങ്ങളിലും വൃത്തികെട്ടതാണ്. ഇന്ത്യയിലെ പല ഹൈന്ദവസമൂഹങ്ങളിലും അതിന് ഒരു വൃത്തികേടുമില്ല: ആളുകൾ കഴിക്കുന്ന 'പഞ്ചഗവ്യ'ത്തിൽ പശുവിന്റെ മൂത്രവും ചാണകവും ഉണ്ട്; ചാണകവറളി കൊണ്ട് ഭക്ഷണം പാചകം ചെയ്യുന്നവരുണ്ട്; ചാണകവെള്ളം തളിച്ച് നിലം മെഴുകി 'വൃത്തി'യാക്കുന്നവരുണ്ട്.

വൈലോപ്പിള്ളി പാടുന്നു:

> ആ നിലമൊക്കെയും ശുദ്ധിയേൽപ്പൂ
> ചാണകവെള്ളം തളിച്ചപോലെ (കാക്ക)

മറ്റൊരുദാഹരണം:

'ഉണ്ണിമൂത്രം പുണ്യാഹം' എന്ന ചൊല്ല് വളരെക്കുറച്ചുപേർക്കേ ദഹിക്കൂ. ഉണ്ണികളുടേതായാലും മുതിർന്നവരുടേതായാലും മൂത്രം വൃത്തികേടുതന്നെ എന്നാണ് മിക്കവരുടേയും ധാരണ. ഇന്ത്യൻ പ്രധാനമന്ത്രി മൊറാർജി ദേശായി നിത്യവും സ്വന്തം മൂത്രം കുടിക്കുന്നു എന്ന വാർത്ത ഇന്ത്യക്കാരും അന്യനാട്ടുകാരും ഞെട്ടലോടെയാണ് കേട്ടത്. പിന്നെ, പരിഹാസമായി. ആ വഴിക്കാണ് മൂത്രചികിൽസ ജനശ്രദ്ധ നേടിയത്. സ്വന്തം മൂത്രം കുടിക്കുകയും ദേഹത്ത് പുരട്ടുകയും ചെയ്യുന്ന ആ ചികിൽസാരീതി പതുക്കെ പതുക്കെ പ്രചാരം നേടിവരുന്നു. മൂത്രചികിൽസക്കാരും മറ്റുള്ളവരും ബാഹ്യവൃത്തിയെപ്പറ്റി സങ്കൽപിക്കുന്നതിൽ എത്രമാത്രം വ്യത്യാസമുണ്ടെന്ന് ആലോചിച്ചു നോക്കൂ.

വൃത്തിയുള്ളവരെ മാത്രമേ ആളുകൾ സ്നേഹിക്കുകയുള്ളൂ.

ഏത് വൃത്തി? ബാഹ്യമോ ആന്തരമോ?

ബാഹ്യവൃത്തിയും സ്നേഹവും തമ്മിൽ ഒരു ബന്ധവുമില്ല എന്ന് കരുതാനാണ് ന്യായം. ഉപരിപ്ലവബുദ്ധികളായ ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും തുടക്കത്തിൽ ബാഹ്യവൃത്തിയിൽ താൽപര്യമുണ്ടാകാം, അതവരുടെ സ്നേഹാഭിമുഖ്യത്തെ സ്വാധീനിക്കുകയും ചെയ്തേക്കാം. എങ്കിലും ബാഹ്യവൃത്തിയുള്ള ആൾക്ക് ആന്തരവൃത്തിയില്ല എന്നു തിരിച്ചറിയുന്നതോടെ മേൽപറഞ്ഞ താൽപര്യം ആവിയായിപ്പോകും. ഉദാഹരണം: വൃത്തിയായും മോടിയായും വേഷം ധരിക്കുന്ന ഭർത്താവ് വ്യഭിചാരിയാണ് എന്ന് തിരിച്ചറിയുന്നതോടെ ഭാര്യക്ക് സ്നേഹം തീരും. പുറമേ കാണുന്ന 'വൃത്തി'യൊക്കെ കണ്ട പെണ്ണുങ്ങളെ വശീകരിക്കാനുള്ള 'വേഷം കെട്ടാ'ണെന്ന് ഭാര്യ ആ 'വൃത്തികേടി'നെ പുച്ഛിക്കും.

ഇനി ഇക്കാര്യം തിരിച്ചിട്ട് നോക്കിയാലും സ്ഥിതി ഇതുതന്നെ: ആന്തരവൃത്തിയുള്ളവരും ബാഹ്യവൃത്തിയില്ലാത്തവരും ആയ ആളുകളോടുള്ള സ്നേഹം നീണ്ടുനിൽക്കും. അതായത് സത്യസന്ധത, ദയ, ഉശിര്, നീതിബോധം, ആത്മാർത്ഥത മുതലായ ആന്തരവൃത്തി ഉള്ളവരോട്, അവർക്ക് ബാഹ്യവൃത്തി ഇല്ലെങ്കിലും, നിങ്ങളുടെ ബന്ധം നിലനിൽക്കും. ആ സ്നേഹത്തെ സ്ഥായിയാക്കി നിർത്തിയത് ഈ ആന്തരവൃത്തിയാണ്: സ്നേഹവും വൃത്തിയും തമ്മിലുള്ള ബന്ധം ഗാഢമാണ് എന്നർത്ഥം.

ഇവിടെ ഒരെതിർവാദത്തിന് പഴുതുണ്ട്: ഇപ്പറഞ്ഞത് ശരിയല്ല. സ്നേഹവും വൃത്തിയും തമ്മിൽ ബന്ധമേയില്ല. ബാഹ്യവൃത്തിയില്ലാത്തവരെയും ആന്തരവൃത്തിയില്ലാത്തവരെയും പെൺകിടാങ്ങൾ സ്നേഹിക്കാറുണ്ട്. ബാഹ്യവൃത്തിയില്ലാത്ത ജോൺ അബ്രഹാമിനെപ്പോലുള്ള കലാകാരന്മാർക്കും ആന്തരവൃത്തിയില്ലാത്ത വീരപ്പനെപ്പോലുള്ള കള്ളന്മാർക്കും ആരാധികമാരും കാമുകിമാരും ഉണ്ട്.

വാസ്തവം തന്നെ. ബാഹ്യവൃത്തിയില്ലാത്തവർക്ക് കിട്ടുന്ന സ്നേഹത്തെപ്പറ്റി പറയുമ്പോൾ അവിടെ പരിഗണിക്കപ്പെട്ടത് അവരുടെ ആന്തരവൃത്തിയാണ് എന്നായാൽ മറുപടിയായി. കുറ്റവാളിയുടെ കാര്യമോ? കാമുകിയോട് അയാൾ കാണിക്കുന്ന പരിഗണനയോ ആ മനുഷ്യന്റെ ജീവിതത്തിൽ നിറഞ്ഞുനിൽക്കുന്ന സാഹസികതയോ, ക്രൗര്യമോ, ധീരതയോ, ബലമോ ഒക്കെ ആ പെൺകുട്ടി ഒരു 'വൃത്തി'യായി എടുത്തിരിക്കാം! വൃത്തിയായി സാധാരണ എണ്ണുന്ന സുപ്രസിദ്ധി എന്ന പോലെ കുപ്രസിദ്ധിയും ഒരാളുടെ നേർക്ക് ആഭിമുഖ്യം വളർത്തിയേക്കാം.

പിന്നെ, ഇതൊരു പതിവല്ല; അപവാദം മാത്രമാണ്. കുറ്റവാളിയാണ് എന്നുകേട്ട ഉടനെ പെൺകുട്ടികൾക്ക് അയാളോട് ഭ്രമം തോന്നുന്നില്ല. മിക്കവർക്കും സുഗന്ധത്തോട് ആകർഷണം തോന്നുംപോലെ അപൂർവം ചിലർക്ക് ദുർഗന്ധത്തോടും ആകർഷണം തോന്നും. അതേ മട്ടിൽ ഏതെങ്കിലും തരത്തിൽ വൃത്തിയുള്ളവരോട് ഭൂരിപക്ഷത്തിന് അടുപ്പം തോന്നുംപോലെ ചെറിയൊരു ന്യൂനപക്ഷത്തിന് വൃത്തികെട്ടവരോടും അടുപ്പം തോന്നാം.

'വൃത്തി വിശ്വാസത്തിന്റെ പകുതിയാണ്' എന്ന് പറഞ്ഞപ്പോൾ മുഹമ്മദ് നബി വിരൽ ചൂണ്ടിയത് ബാഹ്യവും ആന്തരവുമായ വൃത്തികൾക്ക് ആത്മീയതയുമായുള്ള ഗാഢബന്ധത്തിലേക്കാണ്. ബാഹ്യവൃത്തി ആന്തരവൃത്തിയിലേക്കും ആന്തരവൃത്തി ആത്മീയമായ ഉന്നതിയിലേക്കും നയിക്കും എന്നതിന്റെ സൂചനയാണത്.

ഇനി, ഒരു കഥ പറയാം:

യേശുക്രിസ്തുവിന്റെ ശിഷ്യന്മാരും അനുയായികളുമടങ്ങുന്ന ചെറുസംഘത്തിൽ അധികം പണവും പഠിപ്പും പരിഷ്കാരവും കുറഞ്ഞ ആളുകളായിരുന്നു—മുക്കുവന്മാർ, ആശാരിമാർ മുതലായവർ. അവരിൽ പലർക്കും ആഹാരം കഴിക്കുന്നതിനുമുമ്പ് കൈകഴുകുന്ന ശീലം ഉണ്ടായിരുന്നില്ല. യേശുവിന്റെ അധ്യാപനങ്ങളെ എതിർത്തിരുന്ന പാരമ്പര്യവാദികൾ ഇക്കാര്യം പറഞ്ഞ് ആ സംഘത്തെ പരിഹസിച്ചു. ക്രിസ്തു മറുപടി പറഞ്ഞു:

'നിന്റെ വായിലേക്ക് പോവുന്നതിനേക്കാൾ വൃത്തി വേണ്ടത് നിന്റെ വായിൽ നിന്ന് വരുന്നതിനാണല്ലോ. അത് വാക്കാണല്ലോ. അത് മറ്റുള്ളവരുടെ മനസ്സിനെ കുത്തിനോവിക്കുന്നുവല്ലോ!'

മാധ്യമം വാർഷികപ്പതിപ്പ്: 2004.

□

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014